ദൃക്സാക്ഷി ഇല്ലാത്തതുകൊണ്ട് കേസെടുക്കേണ്ട എന്നാണ് പറഞ്ഞത്. ഈ നടപടികൾക്കെല്ലാം നേതൃത്വം കൊടുത്ത എസ്. ഐ. ഇപ്പോൾ സി. ബി. ഐ. യിലാണ്. പാവപ്പെട്ട കുടുംബാംഗങ്ങൾക്കുനേരെയുള്ള അക്രമം ഇപ്പോഴും തുടരുകയാണെന്നു പറഞ്ഞ് ഷീജയുടെ അമ്മ മുഖ്യമന്ത്രിയടക്കമുള്ള എല്ലാ അധികാരികൾക്കും പരാതി നൽകിയിരിക്കുകയാണ്. ഈ ക്രൂരമായ നടപടിയെടുത്ത പ്രതികൾക്കുനേരെ ഇപ്പോഴും കാര്യമായ നടപടിയെടുത്തിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 1992 മുതൽ 1996 വരെ ഈ പോലീസ് സ്റ്റേഷനിൽ പ്രവർത്തിച്ച പോലീസ് അധികാരികൾക്കുനേരെ മാതൃകാപരമായ നടപടി എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഷീജയുടെ കുടുംബാംഗങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും അവർക്ക് ആവശ്യമായ സംരക്ഷണവും നൽകണം. ഈ ഹതഭാഗ്യരായ കുടുംബങ്ങൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ സാധിക്കുമെങ്കിൽ അതുകൂടി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, എറണാകുളം പുത്തോട്ട ചെട്ടിയാത്തുവിള വീട്ടിൽ ശങ്കുണ്ണിയുടെ മകൾ ഷീജയെ അയൽവാസികളായ ബിജു തുടങ്ങി ഒൻപത് പേർ ചേർന്നു പീഡിപ്പിച്ചതായി ആക്ഷേപമുണ്ടായി. ഇക്കാര്യത്തിൻമേൽ, ഷീജയുടെ സഹോദരന്മാരും എതിർകക്ഷികളും തമ്മിൽ അടിപിടി ഉണ്ടാവുകയും ഇരുകൂട്ടരുടെയും പരാതിപ്രകാരം പോലീസ് ഹിൽപാലസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. പിന്നീട് ഷീജയുടെ സഹോദരൻ ശർമ്മ കുത്തേറ്റ് മരണപ്പെടുകയുമുണ്ടായി. സഹോദരൻ മരിച്ചതിലുള്ള വിഷമം മൂലം പിന്നീട് ഷീജ വിഷം കഴിച്ച് ആത്മഹത്യ ചെയ്തു. 1992 ഡിസംബർ 8-ന് ഷീജയെ പീഡിപ്പിക്കപ്പെട്ടതും തുടർന്ന് ഷീജയുടെ സഹോദരൻ ശർമ്മ കൊലചെയ്യപ്പെട്ടതുമായ സംഭവങ്ങളിന്മേൽ കാര്യക്ഷമമായ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് 1997 ഒക്ടോബർ 30-ന് പരാതി ലഭിച്ചു. ഇതിന്മേൽ ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടു. ക്രൈം 264/97 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുകയാണ്. തുടർന്ന് ശർമ്മയെ കൊലപ്പെടുത്തിയ രണ്ടു പ്രതികളെ അറസ്റ്റ് ചെയ്തു. ഒരാൾ കോടതിയിൽ നേരിട്ടു ഹാജരായി. ഷീജയുടെ കുടുംബത്തിന് യാതൊരുവിധ ഭീഷണിയും ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) പന്തളം മണ്ഡലത്തിലുണ്ടാകുന്ന ഭൂചലനം

ശ്രീ. പി. കെ. കുമാരൻ : സർ, ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട പന്തളം നിയോജകമണ്ഡലത്തിലെ താമരക്കുളം, ചുനക്കര, തെക്കേക്കര, നൂറനാട്, പാലമേൽ എന്നീ പഞ്ചായത്തുകളിൽ കഴിഞ്ഞ 17, 18 തീയതികളിലും അതിനുശേഷം 20, 21 തീയതികളിലും വ്യാപകമായ ഭൂചലനവും അതിനെത്തുടർന്ന് നാശനഷ്ടങ്ങളുമുണ്ടായിട്ടുണ്ട്. അവിടെ ജനങ്ങൾ ആകെ ഭീതിയിലാണ്. താമരക്കുളത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം തകർന്നു. അവിടെയുണ്ടായിരുന്ന മുസ്ലീംപള്ളിക്ക് സാരമായ കേടുപാടുകളുണ്ടായി. അവിടത്തെ വാട്ടർ സപ്ലൈ സ്കീമിന് കേടുപാടുകൾ സംഭവിച്ചു. കണ്ണനക്കുഴി പട്ടികജാതി സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് സംഘത്തിന്റെയും ക്ഷീരോൽപാദന സഹകരണസംഘത്തിന്റെയും ഓഫീസ് കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു. അതുപോലെതന്നെ ഈ നാല് പഞ്ചായത്തുകളിലും നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കിണറുകളിൽ തിരയിളക്കം ഉണ്ടാകുന്നു. ചില കിണറുകളിൽ തിരയിളക്കമുണ്ടായി കഴിഞ്ഞാൽ ആ കിണറുകളിലെ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത നിലയിൽ ദുർഗന്ധം വമിക്കുന്നു. ചില കിണറുകളിലെ വെള്ളത്തിന് നിറവ്യത്യാസമുണ്ട്. താമരക്കുളം, ചുനക്കര, നൂറനാട് പാലമേൽ എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് അതീവ ഭീതിയാണുള്ളത്. അവിടെയുണ്ടായിട്ടുള്ള സംഭവത്തെക്കുറിച്ച് ശാസ്ത്രീയമായ ഒരു അന്വേഷണം നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. അതുപോലെതന്നെ ദേവാലയങ്ങൾ, ഓഫീസുകൾ, സഹകരണസ്ഥാപനങ്ങൾ വാട്ടർ സപ്ലൈ സ്കീമുകൾ എന്നിവയ്ക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളെ സംബന്ധിച്ച് വളരെ വിശദമായ അന്വേഷണവും പഠനവും നടത്തണം. വീടുകൾ ഭാഗികമായും പൂർണ്ണമായും തകർന്നു. താമസിക്കാൻ കഴിയാത്ത രീതിയിൽ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഇവർക്കൊക്കെ യഥാർത്ഥ നഷ്ടപരിഹാരം നൽകുന്നതിന് ഗവൺമെന്റ് നടപടികളെടുക്കണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ആലപ്പുഴ ജില്ലയിലെ താമരക്കുളം, ചുനക്കര, തെക്കേക്കര, വള്ളിക്കുന്നം എന്നീ വില്ലേജുകളിൽപ്പെട്ട ചില സ്ഥലങ്ങളിൽ 17-2-2001, 18-2-2001 എന്നീ ദിവസങ്ങളിൽ ചെറിയ തോതിലുള്ള ഭൂമികുലുക്കം അനുഭവപ്പെടുകയുണ്ടായി. 150 -ഓളം വീടുകൾക്ക് ഭാഗീകമായി കേടുപാടുകളുണ്ടായിട്ടുണ്ട്. ഈ ഇനത്തിൽ ഏകദേശം 10 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനത്തിലെ രണ്ട് ശാസ്ത്രജ്ഞന്മാർ 24-2-2001 -ൽ ഈ പ്രദേശങ്ങളിൽ പരിശോധന നടത്തുകയും ഇക്കാര്യത്തിൽ ഭീതി വേണ്ട എന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തുണ്ടാകുന്ന ഭൂചലനങ്ങളെല്ലാം ഗുജറാത്തിലുണ്ടായ ഭൂചലനത്തിന്റെ തുടർചലനങ്ങൾ ആണെന്നാണ് വിദഗ്ധാഭിപ്രായം. ഇതുസംബന്ധിച്ച് ജനങ്ങൾക്കുണ്ടായിട്ടുള്ള ഭയാശങ്കകൾ ദൂരീകരിക്കുന്നതിനാവശ്യമായ ബോധവൽക്കരണ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(4) മുസ്ലീം മതത്തെ ഭാരതവത്ക്കരിക്കണമെന്ന ആവശ്യം

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ഇൻഡ്യാ രാജ്യം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ്. ലോകത്തിന്റെ മുന്നിൽ മതേതരത്വവും ജനാധിപത്യമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ഭാരതത്തിന്റെ ഭരണഘടനയ്ക്കും മതേതരത്വത്തിനും എതിരായി ഫാസിസ്റ്റ് സംഘടനകൾ ഉയർത്തുന്ന ഭീഷണികൾ ചെറുതല്ല. അടുത്തദിവസം ഭുവനേശ്വറിൽവച്ച് ആർ. എസ്. എസ്. നേതാവ് ശ്രീ. സുദർശനൻ മുസ്ലീങ്ങളുടെ പേരുകൾ മാറ്റണമെന്നും ഭാരതവൽക്കരിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഇത് ഫാസിസ്റ്റ് സംഘടനകളുടെ പുതിയ വാദഗതികളൊന്നുമല്ല. എന്നാലും ഇത് കണ്ടില്ല കേട്ടില്ല എന്നു നടിക്കുന്നത് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അപകടകരമായ സ്ഥിതിവിശേഷം ഉണ്ടാകും. രാജ്യത്തിന്റെ പൈതൃകവും

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly